# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5020 04.07.2012 -ൽ മറുപടിയ്ക്ക്**

**പോലീസ് പരാതി അതോറിറ്റിയുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ സാജു പോൾ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാന പോലീസ് പരാതി അതോറിറ്റി യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) 2011 - ലെ കേരളാ പോലീസ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം മുഴുവൻ അംഗങ്ങളെയും ഉൾപ്പെടുത്തി 17.02.2012-ൽ മാത്രമാണ് സർക്കാർ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പുനസംഘടിപ്പിച്ചത്. അതോറിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു. പൂർണ്ണമായതോതിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്താവുന്നതാണ്. |
| ബി) അതോറിറ്റിയുടെ ചെയർമാനും മറ്റ് അംഗങ്ങളും ആരെല്ലാമാണ് ; | (ബി) <u>സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി</u><br><br>1.ജസ്റ്റിസ് കെ. പി. ബാലചന്ദ്രൻ (റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി) - ചെയർമാൻ<br><br>2. പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ് അംഗം<br><br>3.അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം - അംഗം<br><br>4.ശ്രീ കെ. പി. സോമരാജൻ, ഐ.പി.എസ്. (റിട്ടയേർഡ്) - അംഗം<br><br>5.ശ്രീ പി. മുരളീധരൻ (റിട്ടയേർഡ് ജില്ലാ ജഡ്ജി) - അംഗം |
| സി) അതോറിറ്റിക്ക് ഇതിനകം എത്ര പരാതികൾ ലഭിച്ചു ;<br><br>ഡി) ലഭിച്ച പരാതികളിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ് ; | (സി) & (ഡി) സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് ആകെ 128 പരാതികൾ ലഭിച്ചു. ലഭിച്ച പരാതികളിൽ 88 എണ്ണം തീർപ്പാക്കി. 40 പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ